## പതിമൂന്നാം കേരള നിയമസഭ
## ഒൻപതാം സമ്മേളനം

**നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം. 4051** **26.06.2013 ൽ മറുപടിയ്ക്ക്**

### ഡാം റീഹാബിലിറ്റേഷൻ ആന്റ് ഇംപ്രൂവ്മെന്റ് പ്രോജക്ട്

| ചോദ്യം | | ഉത്തരം |
|---|---|---|
| ശ്രീ.കെ.കുഞ്ഞമ്മത് മാസ്റ്റർ | | ശ്രീ. പി.ജെ.ജോസഫ്<br>(ബഹു. ജലവിഭവ വകുപ്പുമന്ത്രി) |
| (എ) സംസ്ഥാനത്തെ അണക്കെട്ടുകൾ നവീകരിക്കുന്നതിന് ഡാം റീഹാബിലിറ്റേഷൻ ആന്റ് ഇംപ്രൂവ്മെന്റ് പ്രോജക്ട് (ഡി.ആർ.ഐ.പി) നടപ്പിലാക്കാൻ ഉദ്ദേശിക്കുന്നുണ്ടോ; | (എ) | പ്രസ്തുത പദ്ധതി നടപ്പിലാക്കിക്കൊണ്ടിരിക്കുകയാണ്. |
| (ബി) ഉണ്ടെങ്കിൽ പ്രസ്തുത പദ്ധതിയിൽപ്പെടുത്തി സംസ്ഥാനത്തെ എത്ര അണക്കെട്ടുകളാണ് നവീകരിക്കുക എന്നും ഏതെല്ലാം അണക്കെട്ടുകളാണ് അവ എന്നും വെളിപ്പെടുത്തുമോ; | (ബി | ജലസേചന വകുപ്പിന്റെ നിയന്ത്രണത്തിലുള്ള അണക്കെട്ടുകൾ/ബാരേജുകൾ/റഗുലേറ്ററുകൾ ഉൾപ്പെടെ 19 പദ്ധതികളും വൈദ്യുതി ബോർഡിന്റെ നിയന്ത്രണത്തിലുള്ള 12 പദ്ധതികളും ഡാം റീഹാബിലിറ്റേഷൻ ആന്റ് ഇംപ്രൂവ്മെന്റ് പ്രോജക്ടിൽ (ഡ്രിപ്പ്) ഉൾപ്പെടുത്തി നവീകരിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.<br>ഡാം റീഹാബിലിറ്റേഷൻ ആന്റ് ഇംപ്രൂവ്മെന്റ് പ്രോജക്ടിൽ (ഡ്രിപ്പ്) ഉൾപ്പെടുത്തിയിരിക്കുന്ന ജലസേചന വകുപ്പിന്റെ നിയന്ത്രണത്തിലുള്ള അണക്കെട്ടുകൾ താഴെ ചേർക്കുന്നു.<br>1. മലമ്പുഴ<br>2. വാളയാർ<br>3. പീച്ചി<br>4. നെയ്യാർ<br>5. മംഗലം<br>6. പോത്തുണ്ടി<br>7. മീങ്കര<br>8. ചുള്ളിയാർ<br>9. വാഴാനി<br>10. കല്ലട<br>11. മലങ്കര<br>12. പെരിയാർവാലി ബാരേജ്<br>13. പമ്പ ബാരേജ്<br>14. പഴശ്ശി ബാരേജ്<br>15. ചിമ്മിനി<br>16. കുറ്റിയ്യാടി<br>17. കാഞ്ഞിരപ്പുഴ<br>18. ശിരുവാണി<br>19. മൂലത്തറ റെഗുലേറ്റർ |

| | | |
|---|---|---|
| | | ഡാം റീഹാബിലിറ്റേഷൻ ആന്റ് ഇംപ്രൂവ്മെന്റ് പ്രോജക്ടിൽ (ഡ്രിപ്പ്) ഉൾപ്പെടുത്തിയിരിക്കുന്ന വൈദ്യുതി ബോർഡിന്റെ നിയന്ത്രണത്തിലുള്ള പദ്ധതികൾ താഴെ ചേർക്കുന്നു.<br><br>1. ഷോളയാർ<br>2. പെരിങ്ങൽകുത്ത്<br>3. ശബരിഗിരി<br>4. ഇടുക്കി<br>5. ചെങ്കുളം<br>6. ഇടമലയാർ<br>7. കുറ്റ്യാടി<br>8. നേര്യമംഗലം<br>9. പള്ളിവാസൽ<br>10. പന്നിയാർ<br>11. കക്കാട്<br>12. ലോവർ പെരിയാർ |
| (സി) പ്രസ്തുത നവീകരണ പദ്ധതി നടപ്പിലാക്കുന്നതിൽ കാലതാമസം വരുന്നതിനുള്ള കാരണങ്ങൾ എന്തെല്ലാമെന്ന് വ്യക്തമാക്കുമോ? | (സി) | ഡാം റീഹാബിലിറ്റേഷൻ ആന്റ് ഇംപ്രൂവ്മെന്റ് പ്രോജക്ടിൽ (ഡ്രിപ്പ്) ഉൾപ്പെടുത്തിയിരിക്കുന്ന പദ്ധതികളുമായി ബന്ധപ്പെട്ട ഡോക്യുമെന്റുകൾ ലോകബാങ്ക്, സി.ഡബ്ല്യൂ.സി എന്നിവ അംഗീകരിക്കേണ്ടതുണ്ട്. അപ്രകാരം അംഗീകാരം കിട്ടിയിട്ടുള്ള ഡാമുകളുടെ നവീകരണ പ്രവർത്തനങ്ങൾ മറ്റ് മാനദണ്ഡങ്ങൾ പാലിച്ച് ചെയ്തുതീർക്കുവാൻ വേണ്ട നടപടികൾ സ്വീകരിച്ചുവരുന്നു.<br><br>ഡാം റീഹാബിലിറ്റേഷൻ ആന്റ് ഇംപ്രൂവ്മെന്റ് പ്രോജക്ട് (ഡ്രിപ്പ്) പദ്ധതിയുടെ ഒന്നാംഘട്ട പദ്ധതിയിലുൾപ്പെട്ട 4 (നാല്) ഡാമുകളിൽ ഒന്നായ മലമ്പുഴയുടെ നവീകരണ പ്രവർത്തനങ്ങൾക്കായുള്ള ടെൻഡർ നടപടികൾ ആരംഭിച്ചുകഴിഞ്ഞു. മറ്റ് ഒന്നാംഘട്ട പദ്ധതികളായ വാളയാർ, നെയ്യാർ, പീച്ചി എന്നിവയുടെ ടെൻഡർ ക്ഷണിക്കുന്നതുമായി ബന്ധപ്പെട്ട നടപടിക്രമങ്ങൾ ത്വരിതഗതിയിൽ നടന്നുവരുന്നു. |

സെക്ഷൻ ഓഫീസർ